# കയരളം നോർത്ത്
# എ.ൽ.പി. സ്കൂൾ

ഒറപ്പടി , പി.ഒ കയരളം , 670602

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# **2025-26**

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| പേര് | കയരളം നോർത്ത് എ.ൽ.പി. സ്കൂൾ |
| വിലാസം | ഒറപ്പടി , പി.ഒ കയരളം , 670602 |
| ഫോൺ | 9544581421 |
| സ്കൂൾ കോഡ് | 13834 |
| ഉപജില്ല | തളിപ്പറമ്പ് സൗത്ത് |
| വിദ്യാഭ്യാസജില്ല | തളിപ്പറമ്പ് |
| ബി ആർ സി | തളിപ്പറമ്പ് സൗത്ത് |
| സി ആർ സി | മയ്യിൽ |
| ബ്ലോക്ക് പഞ്ചായത്ത് | ഇരിക്കൂർ |
| താലൂക്ക് | തളിപ്പറമ്പ് |
| ഇ മെയിൽ | kayaralamlps@gmail.com |

# ഉള്ളടക്കം


- ആമുഖം
- വിദ്യാലയ ലഘുചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം
- പദ്ധതി രൂപീകരണ പ്രക്രിയ
- നിലവിലെ അവസ്ഥാവിശകലനം
- പദ്ധതി വിശദാംശങ്ങൾ
- ഉപസംഹാരം

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ വിദ്യാലയ വികസനരേഖയാണിത്. വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക നിലവാരം ഗുണമേന്മ വിദ്യാഭ്യാസത്തിലൂടെ ഉയർന്ന തലത്തിലേക്കെത്തിക്കുക വഴി വിദ്യാലയങ്ങളെ മികവുകളുടെ കേന്ദ്രമാക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം.

കരിക്കുലം വിഭാവനം ചെയ്തതു പ്രകാരം ഓരോ കുട്ടിയുടെയും അറിവും കഴിവും അതതു പ്രായത്തിനനുസൃതമായി ഉയർന്നതലത്തിൽ എത്തിക്കുകയാണ് ഞങ്ങളുടെ ഉദ്ദേശ്യം. ഭൗതിക സാഹചര്യങ്ങൾ ഘട്ടം ഘട്ടമായി പരിഷ്കരിച്ചുകൊണ്ടും അക്കാദമിക മികവിലേക്ക് നയിക്കാനുതകുന്ന പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലൂടെയും സ്കൂളിലെ മുഴുവൻ കുട്ടികളെയും മികവിലെത്തിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം.

# ഉദ്ദേശ്യലക്ഷ്യങ്ങൾ

- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി എല്ലാ കുട്ടികളിലും സമഗ്രവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.

- മാതൃഭാഷയിലും മറ്റു ഭാഷകളിലും ഉള്ള ആശയവിനിമയ ശേഷി ഉറപ്പു വരുത്തുക.

- നിലവിലുള്ള ഭൗതിക സാഹചര്യങ്ങളിൽ സമൂലമായ മാറ്റങ്ങൾ വരുത്തി ഹൈടെക് വിദ്യാലയമെന്ന സ്വപ്നം സാക്ഷാത്ക്കരിക്കുക.

- സ്കൂൾ-ക്ലാസ് ലൈബ്രറികൾ വിപുലീകരിക്കുക വഴി കുട്ടികളിലെ വായനാശീലത്തെ വളർത്തിയെടുക്കുകയും കുട്ടികളെ മികച്ച വായനക്കാരാക്കി മാറ്റുകയും ചെയ്യുക.

- കലാ-കായിക-പ്രവൃത്തിപരിചയ മേഖലകളിൽ കുട്ടികളെ പ്രബുദ്ധരാക്കുക.

- കരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പിക്കുക.

# ചരിത്രം

ചരിത്രമുറങ്ങുന്ന മയ്യിൽ ഗ്രാമപഞ്ചായത്തിലെ കയരളം കൊവ്വുപ്പാടിൽ ഇന്നത്തെ രൈരുനമ്പ്യാർ സ്മാരക കലാകേന്ദ്രത്തിന്റെ കിഴക്കു ഭാഗത്തായാണ് കയരളം നോർത്ത് എ എൽ.പി സ്കൂളിന്റെ പ്രാകൃതമായ ഓലമേന്ന കെട്ടിടമുണ്ടായത്. 1931 ൽ സ്ഥാപിതമായ ഈ വിദ്യാലയം നാടിനെ അക്ഷരത്തെളിച്ചത്തിലൂടെ മുന്നോട്ട് നയിക്കാനായി നാട്ടെഴുത്തച്ഛന്മാർ ആരംഭിച്ച കുടിപ്പള്ളിക്കൂടമായിരുന്നു .ഈ വിദ്യാലയത്തിന്റെ മാനേജർ ആയ എം.ചാത്തുക്കുട്ടി നമ്പ്യാരുടെ ഉടമസ്ഥതയിൽ ഉള്ള ഈ വിദ്യാലയം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ വിപ്ലവകരമായ അധ്യായം എഴുതിചേർക്കാനും സാധിച്ചു . 94 വർഷങ്ങളായി പുരോഗതിയുടെ പാതയിലൂടെ മുന്നേറിക്കൊണ്ടിരിക്കുകയാണ്.

1 മുതൽ 5 വരെ ക്ലാസ്സുകളിലായി 79 കുട്ടികൾ അധ്യയനം നടത്തി വരുന്നു.

# അവസ്ഥ വിശകലനം

## ഭൗതികം

നേട്ടങ്ങൾ

പ്രീ-കെ.ഇ.ആർ പ്രകാരമുള്ള ചില ബിൽഡിംഗുകൾ മാറ്റി കെ.ഇ.ആർ പ്രകാരം പുതിയ കെട്ടിടമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ശുചിമുറികൾ ഉണ്ട്. സുസജ്ജമായ ഐ ടി ഉപകരണങ്ങൾ, സ്കൂൾ ലൈബ്രറി ,ക്ലാസ് ലൈബ്രറി ,
ഭാഷ ലൈബ്രറികൾ ,ഗണിതശാസ്ത്ര ലാബ് , ക്ലബ് ബുള്ളറ്റിനുകൾ എന്നിവ സജ്ജമാണ്. മുഴുവൻ ക്ലാസ് മുറികൾ ഹൈടെക് ആക്കിയിട്ടുണ്ട്. ആധുനിക രീതിയിലുള്ള ഇൻഡോർ കിഡ്സ് പാർക്ക് സ്കൂളിനുണ്ട്. സ്വന്തമായി സ്കൂൾ ബസ് ഉണ്ട്.

പരിമിതികൾ

ക്ലാസ്സുമുറികൾ പ്രീ-കെ.ഇ.ആർ ബിൽഡിംഗിൽ നിന്ന് മാറ്റി കെ.ഇ.ആർ ബിൽഡിംഗ് ആക്കി മാറ്റാൻ സാധിച്ചിട്ടില്ല . ക്ലാസ് മുറികൾ പ്രത്യേകം പ്രത്യേകം അല്ല. ലൈബ്രറി, ഓഫീസ് , ലാബുകൾ എന്നിവയ്ക്കു പ്രത്യേകം മുറികൾ ഇല്ല.

# അക്കാദമികം

## നേട്ടങ്ങൾ

പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തി വരുന്നുണ്ട്. പുതിയ കാലത്തിനൊപ്പം അധ്യാപനം നടത്താൻ പ്രാപ്തരായ മികച്ച അധ്യാപകസമൂഹം സ്കൂളിന് മുതൽക്കൂട്ടാണ്. പ്രതിമാസം പിടിഎ വിളിച്ചു കൂട്ടി പഠനപുരോഗതി വിലയിരുത്തുന്നതോടൊപ്പം പിന്നാക്കമുള്ള കുട്ടികൾക്ക് പരിഹാര ക്ലാസുകൾ നൽകുന്നതിലും ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ക്ലബ് പ്രവർത്തനങ്ങളിലൂടെ കുട്ടികളിലെ സർഗാത്മകത വളർത്തിയെടുക്കാനും സാധിച്ചിട്ടുണ്ട്.

എൽ എസ് എസ്, തളിര് സ്കോളർഷിപ്പ് അറബിക് അലീഫ് ടാലന്റ് ടെസ്റ്റ്, സബ്ജില്ലാ ക്വിസ് മത്സരങ്ങളിൽ തുടർച്ചയായി ഒന്നാം സ്ഥാനം എന്നീ മികവുകളും കുട്ടികൾക്ക് നേടിക്കൊടുക്കാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം ശാസ്ത്രോത്സവത്തിൽ സാമൂഹ്യശാസ്ത്രമേളയിൽ എൽ പി വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കാൻ സാധിച്ചു.

# സാമൂഹികം

പി ടി എ , പൂർവ്വ വിദ്യാർത്ഥികൾ , നാട്ടുകാർ ,സാമൂഹ്യ - സാംസ്കാരിക പ്രവർത്തകർ ,എന്നിവരുടെ സഹായ സഹകരങ്ങൾ സ്കൂൾ പുരോഗതിക്ക് മുതൽക്കൂട്ടാണ് . ശക്തമായ പി ടി എ സംവിധാനം പ്രവർത്തിച്ചുവരുന്നു.

| ക്ലാസ് | കുട്ടികളുടെ എണ്ണം | | |
|---|---|---|---|
| | BOYS | GIRLS | TOTAL |
| I | 12 | 14 | 26 |
| II | 12 | 6 | 18 |
| III | 4 | 5 | 9 |
| IV | 8 | 5 | 13 |
| V | 6 | 7 | 13 |

## നിലവിലുള്ള അദ്ധ്യാപകർ

നിലവിൽ ഹെഡ്മിസ്ട്രസ്സ് ഉൾപ്പെടെ 6 പേർ ജോലി ചെയ്യുന്നു.

# പദ്ധതി വിശദാംശങ്ങൾ

## മേഖല - ഭാഷാശേഷി വികസനം

### ഉപമേഖല – മലയാളം

<u>പ്രശ്നങ്ങൾ</u>

- കുട്ടികൾക്ക്  പാഠ്യ പദ്ധതി വിഭാവനം ചെയ്യുന്ന എല്ലാ ശേഷികളും പൂർണ്ണമായി നേടാൻ സാധിക്കുന്നില്ല.

- എഴുത്തും വായനയും നിഷ്പ്രയാസം ചെയ്യാൻ കഴിയുന്നില്ല.

<u>ലക്ഷ്യം</u>

- എല്ലാ കുട്ടികളെയും  അവരുടെ ക്ലാസ് തലത്തിനനുസരിച്ച പഠന ശേഷിയിലെത്തിക്കുക .
- കുട്ടികളിലെ വായനശീലം പ്രോത്സാഹിപ്പിക്കുക.
- മൂല്യ ബോധവും ശാസ്ത്രീയ ബോധവുമു ള്ള  വിദ്യാർത്ഥി സമൂഹ ത്തെ വാർത്തെടുക്കുക .

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരചിത്രങ്ങൾ പ്രദർശനം | ജൂൺ മുതൽ ഒക്ടോബർ വരെ | അദ്ധ്യാപകർ |
| (a) വായന | അക്ഷരചിത്രങ്ങൾ വരക്കൽ | | അദ്ധ്യാപകർ |
| | അക്ഷരകാർഡുകൾ | | |
| | അക്ഷരക്രമീകരണം | | |
| | ചിത്ര വായന | | |
| | ലൈബ്രറി പുസ്തകങ്ങൾ വായിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | |

| | | | |
|---|---|---|---|
| | അമ്മ വായന | | |
| | വായന മത്സരങ്ങൾ | | |
| | പത്ര വായന | | |
| | മാതൃക ആകാശവാണി | | |
| (b)ലേഖനം | സചിത്ര ഡയറി<br>സംയുക്ത ഡയറി | ജൂൺ<br>മുതൽ<br>മാർച്ച് വരെ | അദ്ധ്യാപകർ |
| | പദപുഷ്പങ്ങൾ -<br>നിർമ്മാണം | | |
| | പദ സൂര്യൻ | | |
| | ചിഹ്നങ്ങൾ ഉറപ്പിക്കൽ | | |
| | ചിത്ര കാർഡുകൾ | | |
| (c ) സ്വതന്ത്രരചന<br>മെച്ചപ്പെടുത്തൽ | കഥ പൂരിപ്പിക്കൽ | ജൂൺ<br>മുതൽ<br>മാർച്ച് വരെ | അദ്ധ്യാപകർ |
| | വാക്യനിർമ്മാണം | | |
| | വരികൾ കൂട്ടിച്ചേർക്കൽ | | |
| | വായന കാർഡ്<br>നിർമ്മാണം | | |
| | സംഭാഷണം<br>പൂർത്തിയാക്കൽ | | |
| | വിവരണം  തയ്യാറാക്കൽ | | |
| (d) സർഗ്ഗാത്മക<br>ശേഷി<br>പരിപോഷണം | കഥകൾ<br>കവിതകൾ<br>ആസ്വാദനകുറിപ്പ്<br>വായനകുറിപ്പ്<br>തയ്യാറാക്കൽ | ജൂൺ<br>മുതൽ<br>മാർച്ച് വരെ | അദ്ധ്യാപകർ |
| | രചനാ പരിചയക്കുറിപ്പ്<br>തയ്യാറാക്കൽ | | |
| | ജീവചരിത്ര കുറിപ്പ് | | |
| | യാത്ര വിവരണം | | |
| | ആത്മകഥ തയ്യാറാക്കൽ | | |
| | സർഗ്ഗാത്മക ഡയറി | | |

| | | | |
|---|---|---|---|
| (e)സാഹിത്യാഭിരുചി വളർത്തൽ | ഈണത്തിലും താളത്തിലും കവിത ചൊല്ലൽ | | അദ്ധ്യാപകർ |
| | കവിതകൾ കേൾക്കാൻ അവസരം നൽകൽ | | |
| | ശിൽപശാല സംഘടിപ്പിക്കുക | | അദ്ധ്യാപകർ |
| (f)ലൈബ്രറി ശാക്തീകരണം | ലൈബ്രറി വിതരണം കാര്യക്ഷമമാക്കുകയും പുസ്തകങ്ങളെ ചങ്ങാതി മാരാക്കി വായനചങ്ങാത്തം ദൃഢമാക്കുകയും ചെയ്യുക | | അദ്ധ്യാപകർ |
| സ്കൂൾ-ക്ലാസ് ലൈബ്രറി വിപുലീകരണം | ജന്മദിന സമ്മാനം – (പുസ്തകം ക്ലാസ് ലൈബ്രറിയിലേക്ക്) പരിപാടി കൂടുതൽ ശക്തമാക്കും | | പി ടി എ, അദ്ധ്യാപകർ, |

# SUB TOPIC - ENGLISH

<table>
<tr><th>Aim</th><th>Activities</th><th>Time</th><th>Task</th></tr>
<tr><td rowspan="3">Give Letter basis</td><td rowspan="3">• Pretest<br>• Introduce Letter Cards<br>• Picture Reading<br>• Exhibit Letter Cards<br>• Introduce Word Web<br>• Exhibition of Letter & Word pyramids<br>• Matching of Capital&Small Letters<br>• Alphabetical ordering of Letters</td><td>June</td><td>English Teachers</td></tr>
<tr><td>June -sept</td><td>English Teachers</td></tr>
<tr><td>June-march</td><td></td></tr>
<tr><td>Encourage Reading</td><td>• Find and Read phonic Words<br>• Picture Reading<br>• Reading card making<br>• Text Book Reading<br>• Individual & Group Reading<br>• Reading Competition<br>• English Reading Corner</td><td>June-march</td><td>Teachers, SRG</td></tr>
<tr><td>Encourage Writing</td><td>• Making Words<br>• Arranging Words<br>• Word Chain making<br>• Fill in the Blanks<br>• Picture Discription<br>• Sentence making<br>• Add more lines<br>• Complete the Conversation & story<br>• Arrange the sentences<br>• Puzzles & Riddles<br>• Word web & Word pyramid making<br>• E-cube Activities</td><td>June-march</td><td>Teachers ,SRG</td></tr>
<tr><td>Increasing Communicative Skill</td><td>• English Assembly<br>• English Fest</td><td>June-march</td><td>SRG , BRC Teachers</td></tr>
</table>

<u>ഉപമേഖല – അറബിക്</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അറബിക് അക്ഷരങ്ങൾ അതിന്റെ ഘടന അനുസരിച്ച് എഴുതാനും കൂട്ടിയെഴുതാനും പിരിച്ചെഴുതാനും വായിക്കാനും ഉള്ള ശേഷി അറബി പഠിക്കുന്ന എല്ലാ കുട്ടികളിലും വളർത്തിയെടുക്കുക. | • അക്ഷരകാർഡുകൾ പരിചയപ്പെടുത്തൽ<br>• പദകാർഡുകളുടെ പ്രദർശനം.<br>• ICT ഉപയോഗിച്ചുകൊണ്ട് കൂട്ടിയെഴുതിയതും പിരിച്ചെഴുതിയതും ആയ അറബി വാക്കുകൾ പ്രദ ർശിപ്പിക്കുന്നു.<br>• ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.<br>• പുതിയ പദങ്ങൾ പരിചയപ്പടൽ<br>• പദങ്ങൾ ശേഖരിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അറബിക് ടീച്ചർ/ അറബിക് ക്ലബ്ബ് |
| അറബിക് വായനക്ക് മുഴുവൻ കുട്ടികളെയും പ്രാപ്തരാക്കുക | • വായനക്കാർഡ് ഉപയോഗിച്ചുള്ള വായന<br>• ടെക്സ്റ്റ് ബുക്ക് വായന<br>• ലൈബ്രറി വായന<br>• ഉ-വായന<br>• വായന മത്സരങ്ങൾ<br>• ലൈബ്രറി ശാക്തീ കരണം | ജൂൺ മുതൽ മാർച്ച് വരെ | അറബിക് ടീച്ചർ/ അറബിക് ക്ലബ്ബ് |
| സ്വയം രചനാപാടവം വളർത്തിയെടുക്കുക ഹിവാറ് ,ബയാന് കവിത | • ചിത്രങ്ങൾ,വിഷയങ്ങൾ ,നിർദേശങ്ങൾ എന്നിവക്കനുസൃതമായി സ്വതന്ത്രമായി രചിക്കാനുള്ള അവ സരങ്ങൾ പ്രദാനം ചെയ്യുന്നു. | | അറബിക് ടീച്ചർ/ അറബിക് ക്ലബ്ബ് |

| | | | |
|---|---|---|---|
| സർഗ്ഗാത്മക  ശേഷി വളർത്തിയെടുക്കുക | • വിവിധ മത്സരങ്ങൾ വായന,കവിതാലാപനം കഥാകഥനം, ക്വിസ്<br>• ദിനാചരണങ്ങളുടെ ഭാഗമായി നടത്തുന്ന മത്സരങ്ങൾക്ക് ബാല സഭയിലൂടെ അവസ രം നല്കുന്നു.<br>• സബ്ജില്ലാ കലോത്സവം<br>• സ്കൂൾ വാർഷികം<br>• അറബിക് ഡേ | ജൂൺ മുതൽ മാർച്ച് വരെ | അറബിക് ടീച്ചർ/ അറബിക് ക്ലബ്ബ് |
| മികവ് തെളിയിച്ച വിദ്യാർഥികളെ പ്രശംസിക്കൽ | • അറബിക് ക്ലബ്ബ് നടത്തുന്ന വിവിധ മത്സരങ്ങളിൽ കഴിവ് തെളിയിച്ച വിദ്യാർ ഥികളെ സ്കൂൾ അസംബ്ലിയിലോ പ്രത്യേക പരിപാടി സംഘടിപ്പിച്ചോ ആദരിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | അറബിക് ടീച്ചർ/ അറബിക് ക്ലബ്ബ് |
| അറബിയിൽ ആശയവിനിമയം നടത്താനുള്ള ശേഷി രൂപപ്പെടുത്തൽ | • ക്ലാസിൽ അറബി സംഭാഷണത്തിനുള്ള സാഹചര്യം ഒരുക്കൽ<br>• ക്ലാസിൽ അറബി സംഭാഷണം അധികരിപ്പിക്കുക. | ജൂൺ മുതൽ മാർച്ച് വരെ | അറബിക് ടീച്ചർ/ അറബിക് ക്ലബ്ബ് |

# ഉപമേഖല - ഗണിത ശാസ്ത്രം

- ❖ ഗണിത പഠനം ലളിതമാക്കുക
- ❖ മനഗണിത ശേഷി വർധിപ്പിക്കുക
- ❖ അനായാസം ഗണിത ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സംഖ്യ ഉറപ്പിക്കൽ | • സംഖ്യ ചിത്രങ്ങൾ കാർഡുകൾ,വസ്തുക്കൾ എന്നിവ സംഖ്യകൾ പരിചയപ്പെടുത്തുന്നു<br>• അക്ക ങ്ങൾ ക്രമപ്പെടുത്തൽ<br>• അക്കത്തിലും അക്ഷരത്തിലും പരിചയപ്പെടുത്തൽ<br>• വിട്ടഭാഗം പൂരിപ്പിക്കൽ<br>• ആരോഹണ അവരോഹണ ക്രമമാക്കൽ<br>• ഭിന്നസംഖ്യ കൂട്ടങ്ങൾ നിർമ്മിക്കൽ<br>• സ്ഥാനവില കണ്ടെത്തൽ<br>• ദശാംശ സംഖ്യകൾ<br>• പാറ്റേൺ രൂപീകരണം<br>• അംശ ബന്ധവും അനുപാതവും<br>• കോണുകളെ കുറിച്ചുള്ള അവബോധം | June-march | Maths teachers,SRG, BRC |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | • സങ്കലനം<br>• വ്യവകലനം<br>• ഗുണനം<br>• ഹരണം | | |
| ഗണിത പഠനം സുഗമമാക്കൽ | • ഗണിത ലാബ് സജ്ജമാക്കൽ<br>• ഗണിത മേള<br>• ഗണിത മാഗസിൻ<br>• ഗണിത ശില്പശാല | | |
| ജ്യാമിതീയ രൂപങ്ങളുടെ പഠനം | • വർക്ക് ഷീറ്റ് പ്രവർത്തനങ്ങളിലൂടെ ഗണിതക്രിയകൾ ഉറപ്പിക്കുന്നു | | |

## ഉപമേഖല -കലാ കായിക -പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ

- കായിക ക്ഷമതയുള്ള കുട്ടികളിലെ സൃഷ്ടിക്കുന്നു .
- വിവിധ തൊഴിൽ മേഖലകളിൽ പ്രാവീണ്യം നേടുന്നു
- ചിത്രകാരന്മാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു
- കലാപരമായ കഴിവുകളെ  കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കായിക ക്ഷമത വർധിപ്പിക്കൽ | • മാസ്സ് ഡ്രിൽ<br>• കരാട്ടെ -യോഗ പരിശീലനം<br>• സബ് ജില്ല കായികമേള പരിശീലനം | JUNE-MARCH | SRG |
| കലാപരമായ കഴിവ് വികസിപ്പിക്കൽ | • താല്പര്യമുള്ള മേഖലകളിൽ പ്രത്യേക പരിശീലനം<br>• ചിത്ര രചന സാമർഥ്യം വർധിപ്പിക്കുന്ന പ്രവർത്തനങ്ങൾ<br>• ആർട്ട് പീരീഡ് കാര്യക്ഷമമാക്കി സർഗാത്മക ശേഷി പരിപോഷണം<br>• കലാമേള പരിശീലനം<br>• വിദ്യാരംഗം ബാലസഭ മറ്റു ഭാഷാക്ലബ് പ്രവർത്തനങ്ങൾ | | |

## ഉപമേഖല -
## ഭിന്നശേഷി വിദ്യാർത്ഥികൾക്ക്  മുൻതൂക്കം നൽകുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭിന്നശേഷി വിദ്യാർത്ഥികളെ പൊതു ധാരയിലേക്ക് ഉയർത്തൽ | • കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കുക<br>• വിവിധ അവസരങ്ങളിൽ മറ്റു കുട്ടികൾക്കൊപ്പം ഇത്തരം കുട്ടികളെ കൂടി പങ്കെടുപ്പിച്ച് അവരെ മുൻനിരയിലേക്ക് കൊണ്ട് വരിക. | JUNE-MARCH | SRG |

<u>ഉപസംഹാരം</u>

പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി പൊതുവിദ്യാലയ സംരക്ഷണം ഉറപ്പുവരുത്തുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതി അനുദിനം വിജയത്തിൻറെ പാതയിലേക്ക് മുന്നേറികൊണ്ടിരിക്കുകയാണ്. ഇതിൻറെ ഭാഗമായി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിലൂടെ കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷികൾ കു ട്ടികളിൽ ഉളവാക്കുവാൻ സാധിക്കും എന്ന പ്രതീക്ഷ ഉണ്ട് .

അതിൻറെ ഭാഗമായി ഭൗതിക സാഹചര്യങ്ങളിൽ ഘട്ടം ഘട്ടമായി മാറ്റങ്ങൾ വരുത്തിക്കൊണ്ടും പഠന-പാഠ്യേതര രംഗങ്ങളിലും വിവരവിനിമയ സാങ്കേതിക വിദ്യയിലും കല-കായിക-തൊഴിൽ മേഖലകളിലും മികവ് പുലർത്താൻ കുട്ടികളെ പ്രാപ്തരാക്കാൻ ഈ പ്രവർത്തനങ്ങൾ സഹായകമാകും എന്ന രക്ഷാകർതൃ സമൂഹം ഞങ്ങളിലർപ്പിച്ച വിശ്വാസത്തെ കാത്തുസൂക്ഷിച്ചുകൊണ്ട് രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും നാട്ടുകാരുടെയും സഹകരണത്തോടെ ഞങ്ങളുടെ ലക്ഷ്യം സാക്ഷാത്ക്കരിക്കുമെന്ന് ഉറപ്പുനൽകുന്നു .